# കുടുംബശ്രീ

വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 52 | 2013 നവംബർ | www.kudumbashree.org


**കുടുംബശ്രീ ലൈഫ് ഇൻഷുറൻസ് – കുടുംബശ്രീ ട്രാവൽസ് പദ്ധതി : സംസ്ഥാനതല ഉദ്ഘാടനം**

# സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ട അംഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ




*കുടുംബശ്രീ ലൈഫ് ഇൻഷുറൻസ് - കുടുംബശ്രീ ട്രാവൽസ് പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച ശേഷം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സംസാരിക്കുന്നു*

സംസ്ഥാനത്തെ 40 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന കുടുംബശ്രീ ഇൻഷുറൻസ് പദ്ധതിക്കും കുടുംബശ്രീ ട്രാവൽസ് പദ്ധതിക്കും സംസ്ഥാനത്ത് തുടക്കമായി. തിരുവനന്തപുരം വെള്ളയമ്പലം എൻജിനിയേഴ്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കുടുംബശ്രീ ലൈഫ് ഇൻഷുറനസ്-കുടുംബശ്രീ ട്രാവൽസ് പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചു.

### കുടുംബശ്രീ കേരളത്തിന്റെ അഭിമാനം

കുടുംബശ്രീ കേരളത്തിന്റെ അഭിമാനമാണെന്നും കേരളത്തിൽ പല വികസന മാതൃകകളുണ്ടെങ്കിലും അതിൽ ഏറ്റവും മികച്ചത് കുടുംബശ്രീയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്ന് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിയിരിക്കുന്ന പ്രസ്ഥാനമാണ് കുടുംബശ്രീ. കുടുംബശ്രീ നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി ഏറെ താൽപര്യത്തോടും അത്ഭുതത്തോടും കൂടിയാണ് ഈ സർക്കാർ നോക്കിക്കാണുന്നത്. സമൂഹത്തിലെ ഗുണകരമായ പല മാറ്റങ്ങൾക്കും ഇടപെടലുകൾക്കും നേതൃത്വം നൽകുന്ന ശക്തിയാണ് ഈ പ്രസ്ഥാനം. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ വളരെയധികം മുന്നേറിയിരിക്കുന്നു. മുഖ്യമന്ത്രി പറഞ്ഞു.

കുടുംബശ്രീ നടപ്പാക്കി വരുന്ന ഏറ്റവും മികച്ച പദ്ധതികളിലൊന്നാണ് ആശ്രയ. ആരും ആശ്രയിക്കാനില്ലാത്തവരെ പരിചരിക്കാനും പരിഗണിക്കാനും കുടുംബശ്രീ മുന്നിട്ടിറങ്ങിയത് അഭിനന്ദനാർഹമാണ്. കേവലം ഒരു പ്രസ്ഥാനം എന്ന നിലയിലല്ല, മറിച്ച് സമൂഹത്തിൽ ഗുണകരമായ നിരവധി മാറ്റങ്ങളുണ്ടാക്കിയതിനുള്ള പ്രോത്സാഹനമായാണ് ഈ സർക്കാർ കുടുംബശ്രീക്ക് എല്ലാവിധ പിന്തുണയും നൽകുന്നത്. ഭാവനാപൂർണമായ പലപദ്ധതികളും ഏറ്റെടുത്തു വിജയിപ്പിക്കുന്നതിനുള്ള ആത്മവിശ്വാസവും ഈ പെൺകൂട്ടായ്മയ്ക്കുണ്ടെന്ന് വ്യക്തമാക്കിയ മുഖ്യമന്ത്രി കുടുംബശ്രീ അടുത്ത മാസം നടപ്പിലാക്കുന്ന പെൻഷൻ പദ്ധതിയും വിജയകരമാകുമെന്ന് ആശംസിച്ചു. കുടുംബശ്രീ ട്രാവൽസിന്റെ താക്കോൽദാനവും മുഖ്യമന്ത്രി നിർവഹിച്ചു.

### അയൽക്കൂട്ട അംഗങ്ങൾക്ക് പെൻഷൻ

സംസ്ഥാനത്തെ മുഴുവൻ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്കും പെൻഷൻ ലഭ്യമാക്കുന്ന പദ്ധതി അടുത്ത മാസം തുടങ്ങുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പഞ്ചായത്ത്-സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ പറഞ്ഞു. കുടുംബശ്രീ എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചു. ഇപ്പോൾ നടപ്പാക്കിയ രണ്ടു പദ്ധതികളും കുടുംബശ്രീയുടെ വളർച്ചയിൽ ശക്തമായ നാഴികക്കല്ലാണെന്നും മന്ത്രി പറഞ്ഞു. കുടുംബശ്രീ ട്രാവൽസിന്റെ ഫ്ളാഗ് ഓഫും മന്ത്രി നിർവഹിച്ചു.

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലൂടെ കുടുംബങ്ങളിലെ ദാരിദ്ര്യം മാറ്റുന്ന കുടുംബശ്രീ മാതൃക പഠിക്കാൻ രാജ്യത്തെ നിരവധി സംസ്ഥാനങ്ങൾ മുന്നോട്ടു വന്നിരിക്കുകയാണെന്ന് സ്വാഗത പ്രസംഗവും പദ്ധതി വിശദീകരണവും നടത്തിക്കൊണ്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വത്സല കുമാരി പറഞ്ഞു. കുടുംബശ്രീ കോൾസെന്ററിന്റെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും കെ.മുരളീധരൻ എം.എൽ.എ നിർവഹിച്ചു.

എൽ.ഐ.സി ഓഫ് ഇൻഡ്യ ചീഫ് പി. ആൻഡ് ജി.എസ് സഞ്ജയ് വർമ ധാരണാപത്രം മന്ത്രി ഡോ.എം.കെ.മുനീറിനു കൈമാറി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അൻസജിത റസ്സൽ, കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ അഡ്വ. എൻ.എ.ഖാലിദ്, എസ്.പി.കുഞ്ഞഹമ്മദ്, കാനറാ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ കിഷോർ.കുമാർ.കെ, തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി.

ജില്ലാ കളക്ടർ കെ.എൻ.സതീഷ് ഐ.എ.എസ്, എൽ.ഐ.സി ഓഫ് ഇൻഡ്യ റീജിയണൽ മാനേജർ ആർ.ദൊരൈസ്വാമി, സീനിയർ ഡിവിഷണൽ മാനേജർ ലകഷ്മി കൈലാസ്, മാനേജർ പി.ആൻഡ് ജി.എസ് ദീപ.എസ്, അലിയോൺ ഇൻഷുറൻസ് ആൻഡ് ബ്രോക്കിങ്ങ് കമ്പനി മാനേജിങ്ങ് ഡയറക്ടർ ഡോ.എം.രവീന്ദ്രൻ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ജി.പി.രംഗനാഥൻ, തുടങ്ങിയവർ പങ്കെടുത്തു.

**റിപ്പോർട്ടുകൾക്ക് 3,4 പേജുകൾ കാണുക ⇨**

## അന്താരാഷ്ട്ര വ്യാപാരമേള: മികച്ച ഫുഡ്സ്റ്റാളിനുള്ള സ്വർണ മെഡൽ കഫേ കുടുംബശ്രീക്ക്



*ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടന്ന അന്താരാഷ്ട്ര വ്യാപാരമേളയിൽ മികച്ച ഫുഡ്സ്റ്റാളിനുള്ള സ്വർണമെഡൽ നേടിയ കഫേ കുടുംബശ്രീക്ക് വേണ്ടി പി.ആർ.ഡി ഡയറക്ടർ മിനി ആന്റണി, കുടുംബശ്രീ ജില്ലാമിഷൻ അസി. കോ-ഓർഡിനേറ്റർ റിയാസ് മീനത്തേരിൽ എന്നിവർ ചേർന്ന് കേന്ദ്രമന്ത്രി ഫാറൂഖ് അബ്ദുള്ളയിൽ നിന്നു സ്വീകരിക്കുന്നു*

**വാർത്ത മൂന്നാം പേജിൽ ⇨**

### കുഞ്ഞമ്മചേച്ചി




**കുടുംബശ്രീയും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയും സംയുക്തമായി സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ട അംഗങ്ങൾക്കും ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നു**

### കുടുംബശ്രീ പ്രവർത്തനം പഠിക്കാൻ ഒഡീഷാ മന്ത്രി ടി.വി.പുരം സന്ദർശിച്ചു

കോട്ടയം ജില്ലയിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ പഠിക്കാൻ ഒഡീഷാ ഗ്രാമവികസന മന്ത്രി കൽപതാരുദാസും ഉന്നതതല സംഘവും ടി.വി.പുരം പഞ്ചായത്ത് സന്ദർശിച്ചു. പഞ്ചായത്തിലെ അയൽക്കൂട്ട യോഗങ്ങൾ നേരിൽ കാണുകയും കുടുംബശ്രീ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ മനസിലാക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തും കുടുംബശ്രീയും തമ്മിലുള്ള ഏകോപനം സംബന്ധിച്ച് മന്ത്രിയും സംഘവും പഞ്ചായത്ത്-കുടുംബശ്രീ അധികൃതരുമായി ചർച്ച നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കവിതാ റജി, വൈസ് പ്രസിഡന്റ് എം.എസ്.രാമചന്ദ്രൻ, സി.ഡി.എസ് ചെയർപേഴ്സൺ സുമ അനിൽകുമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ മന്ത്രിയേയും സംഘത്തേയും സ്വീകരിച്ചു.

## കുടുംബശ്രീ പ്രവർത്തനങ്ങളിൽ വിസ്മയം; അനുമോദനങ്ങളുമായി കാമില



*ആലുവ പാലസ് ഗസ്റ്റ് ഹൗസിൽ സംഘടിപ്പിച്ച കുടുംബശ്രീ യൂണിറ്റുകൾ സന്ദർശിക്കവെ തൃപ്പൂണിത്തുറ ചെരാത് കുടുംബശ്രീ അംഗങ്ങൾ സമ്മാനിച്ച ടെറാകോട്ട കമ്മൽ അണിഞ്ഞുനോക്കുന്ന കാമില പാർക്കർ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ടാനിതോമസ് സമീപം*

കുടുംബശ്രീ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിസ്മയകരമാണെന്ന് ചാൾസ് രാജകുമാരന്റെ പത്നിയും കോൺവാൾ പ്രഭ്വിയുമായ കാമില പാർക്കർ ബൗൾസ്. സ്ത്രീകളിലൂടെ സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിടുന്ന കുടുംബശ്രീ ലോകത്തിലെ മറ്റ് രാഷ്ട്രങ്ങൾക്ക് മാതൃകയാണ്. കുടുംബശ്രീ അംഗങ്ങളുടെ കഴിവും മികവും വ്യക്തമാക്കുന്നതാണ് അവർ തയ്യാറാക്കിയിരിക്കുന്ന ഉൽപന്നങ്ങളെന്നും കാമില അഭിപ്രായപ്പെട്ടു. ആലുവ പാലസ് ഗസ്റ്റ് ഹൗസിൽ കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപന്നങ്ങൾ വീക്ഷിക്കവെയാണ് കാമില കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ മതിപ്പ് പ്രകടിപ്പിച്ചത്.

കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർ ടാനി തോമസ്, അസി.ജില്ലാ കോ-ഓർഡിനേറ്റർ സിൻസിമോൾ ആന്റണി എന്നിവർ കുടുംബശ്രീയെ കുറിച്ച് വിവരണം നൽകി.

ഗസ്റ്റ് ഹൗസ് വളപ്പിൽ പെരിയാറിന് അഭിമുഖമായി ഓണച്ചന്തയുടെ മാതൃകയൊരുക്കിയിരുന്നത് പാലസിന്റെ മട്ടുപ്പാവിൽ നിന്ന് കാമില വീക്ഷിച്ചു. പച്ചക്കറികൾ, മൺപാത്രങ്ങൾ, ഈറ്റയും മുളയും കൊണ്ടുള്ള ഉൽപന്നങ്ങൾ എന്നിവയുടെ വഴിയോര വാണിഭവും നാടൻ ചായക്കടയും അടങ്ങുന്നതായിരുന്നു ഓണച്ചന്ത. പാലസിന്റെ അകത്തളത്തിലൊരുക്കിയ കുടുംബശ്രീ പ്രദർശനം ഏറെ സമയമെടുത്താണ് കാമില കണ്ടത്. കുടുംബശ്രീ യൂണിറ്റുകളുടെ സമ്മാനങ്ങളും അവർ ഏറ്റുവാങ്ങി. തൃപ്പൂണിത്തുറയിലെ ചെരാത് കുടുംബശ്രീ യൂണിറ്റിന്റെ ടെറാകോട്ട മാലയും കമ്മലും ജില്ലാ കോ-ഓർഡിനേറ്റർ ടാനി തോമസ് സമ്മാനിച്ചത് അണിഞ്ഞുനോക്കാനും കാമില മടിച്ചില്ല.

എറണാകുളം നോർത്തിലെ പി. ആൻഡ്.പി യൂണിറ്റ് തടികൊണ്ടുള്ള ആനയുടെ രൂപമാണ് സമ്മാനമായി നൽകിയത്. കൊച്ചിയിലെ ലൈഫ് ഷൈൻ യൂണിറ്റ് തയ്യാറാക്കിയ അലങ്കാര മെഴുകുതിരികളും കാമില സ്വീകരിച്ചു. ചിത്രപ്പണി ചെയ്ത കുപ്പികളിൽ ചാൾസ് രാജകുമാരന്റേയും കാമിലയുടേയും ചിത്രങ്ങൾ ആലേഖനം ചെയ്ത് പ്രദർശിപ്പിച്ചിരുന്നതും കാമിലയ്ക്ക് കൗതുകമായി.

തിരുവിതാംകൂർ രാജാക്കന്മാരുടെ ഒഴിവുകാല വിശ്രമകേന്ദ്രമായിരുന്ന ആലുവ കൊട്ടാരത്തിലായിരുന്നു കുടുംബശ്രീ യൂണിറ്റുകളുടെ പ്രദർശനം സജ്ജീകരിച്ചത്. കെ.പി. ധനപാലൻ എം.പി, അൻവർ സാദത്ത് എം.എൽ.എ, നഗരസഭാ ചെയർമാൻ എം.ടി. ജേക്കബ്, വൈസ് ചെയർമാൻ ലിസി എബ്രഹാം, കൗൺസിലർ ജെബി മേത്തർ, ലത്തീഫ് പൂഴിത്തുറ, ഫാസിൽ ഹുസൈൻ, നഗരസഭാ സെക്രട്ടറി അനുജ എന്നിവർ ചേർന്ന് പ്രഭ്വിയെ സ്വീകരിച്ചു. പൂമുഖത്ത് ആലുവ സെന്റ് സേവ്യഴ്സ് കോളേജിലെ ജിതശ്രീയും സംഘവും അവതരിപ്പിച്ച തിരുവാതിര കളിയായിരുന്നു ആദ്യപരിപാടി. കലാകാരികളെ അഭിനന്ദിച്ച കാമില അവർക്കൊപ്പം ചിത്രമെടുത്തു. പിൻവശത്ത് പെരിയാറിന് അഭിമുഖമായ വരാന്തയിൽ പൂക്കളം കണ്ടശേഷം ഡൈനിംഗ് ഹാളിലെ പ്രദർശന വേദിയിലേക്ക്. കൊട്ടാരത്തിന്റെ ഒന്നാം നിലയിലെ മുറിയിൽ ലഘുവിശ്രമം. ഇതിനിടയിൽ മട്ടുപ്പാവിൽ നിന്ന് പെരിയാറിന്റെ ഭംഗി ആസ്വദിക്കാനും കാമില സമയം കണ്ടെത്തി. മഴയിൽ കുളിച്ച കൊട്ടാരവും പെരിയാറും കാമിലയെ ഏറെ ആകർഷിച്ചതായി അവരെ അനുഗമിച്ച ജെബി മേത്തർ പറഞ്ഞു. ഒരു മണിക്കൂറോളം കൊട്ടാരത്തിൽ ചെലവിട്ട ശേഷമാണ് കാമില യാത്രയായത്.

### മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി:

# ആയിരങ്ങൾക്ക് ആശ്വാസമായത് കുടുംബശ്രീ ഭക്ഷണശാല



പാലക്കാട് ജില്ലയിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കെത്തിയ ആയിരക്കണക്കിനു ജനങ്ങൾക്ക് ആശ്വാസമായത് വിവിധ കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കിയ ഭക്ഷണം. കൈക്കുഞ്ഞുങ്ങളും പ്രായമായവരുമൊക്കെയായി എത്തിയ നൂറുകണക്കിന് ആളുകൾക്കാണ് മിതമായ വിലയ്ക്ക് രുചികരമായ ഭക്ഷണവും പാനീയങ്ങളും ലഭ്യമായത്.

എല്ലാവർക്കും നാക്കിലയിലാണ് ഭക്ഷണംനൽകിയത്. ചായയും പഴംപൊരിയും പരിപ്പുവടയും മുതൽ വിഭവസമൃദ്ധമായ ഊണുവരെ കുടുംബശ്രീ സ്റ്റാളിൽ ലഭ്യമായിരുന്നു. ജനസേവനകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന 'നെയ്ബേഴ്സ്' കുടുംബശ്രീ യൂണിറ്റിലെ ഏഴു വനിതകൾ ചേർന്നൊരുക്കിയ 'നെയ്ബേഴ്സ്' കാന്റീനാണ് രണ്ടു പകലും രാത്രിയുമായി ആളുകൾക്ക് ഭക്ഷണം ഒരുക്കിയത്. യൂണിറ്റ് പ്രസിഡന്റ് ഉഷ മണികണ്ഠനും സെക്രട്ടറി ശിവപ്രിയ ശെൽവരാജിനുമായിരുന്നു ഭക്ഷണശാലയുടെ ചുമതല.

പാലക്കാട് കള്ളിക്കാട് കുടുംബശ്രീ യൂണിറ്റ് ഒരുക്കിയ 'ഇളനീർ പാർലർ' പൊരിവെയിലിൽ ദാഹിച്ചു വലഞ്ഞവർക്ക് ഏറെ ആശ്വാസമായി. ഇളനീർ, വിവിധയിനം ജ്യൂസുകൾ എന്നിവയാണ് ഇവിടെ വിപണനത്തിനുണ്ടായിരുന്നത്. യൂണിറ്റ് പ്രസിഡന്റ് ഗീത ശശികുമാർ, സെക്രട്ടറി സുലോചന മണി എന്നിവരുടെ നേതൃത്വത്തിലാണ് ഇളനീർ പാർലർ എത്തിയത്.

'അൽ അമീൻ കാന്റീ'നിലെ നൂർ പ്പുട്ടിനും ഇഡ്ഡലിക്കും നല്ല ഡിമാൻഡായിരുന്നു. എം.ഖദീജയുടെ നേതൃത്വത്തിൽ നാല് വനിതകളാണ് യൂണിറ്റിലുണ്ടായിരുന്നത്.

# മലപ്പുറത്ത് സാമൂഹ്യനീതി ദിനാഘോഷം



സംസ്ഥാന സാമൂഹ്യനീതി ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ കുടുംബശ്രീ സി.ഡി.എസ് പ്രവർത്തകരും ന്യൂട്രിമിക്സ് യൂണിറ്റുകളും പങ്കെടുത്ത ഘോഷയാത്ര സംഘടിപ്പിച്ചു. ആയിരത്തോളം കുടുംബശ്രീ പ്രവർത്തകരാണ് ഘോഷയാത്രയിൽ പങ്കെടുത്തത്. വിവിധ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്നെത്തിയ 272 അംഗങ്ങളും യൂണിഫോം ധരിച്ചാണ് ഘോഷയാത്രയിൽ പങ്കെടുത്തത്.

മൂന്നു ദിവസങ്ങളിലായാണ് സാമൂഹ്യനീതി ദിനാഘോഷം സംഘടിപ്പിച്ചത്. ഇതിനോടനുബന്ധിച്ചു കഫേ കുടുംബശ്രീ യൂണിറ്റുകൾ നടത്തിയ ഭക്ഷ്യമേള പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ ഉദ്ഘാടനം ചെയ്തു. സാമൂഹ്യനീതി ദിനാഘോഷത്തോടനുബന്ധിച്ച് ജില്ലയിലെ വിവിധ ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾ നിർമിച്ച കരകൗശല വസ്തുക്കളുടെ പ്രദർശനം കൗതുകമായി.

ന്യൂട്രിമിക്സിന്റെ ഉൽപാദനം മുതൽ വിപണനം വരെയുള്ള ദൃശ്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ന്യൂട്രിമിക്സ് യൂണിറ്റുകൾക്കു മാത്രമായി ഒരുക്കിയ സ്റ്റാളും ഏറെ ശ്രദ്ധേയമായി. കൂടാതെ ന്യൂട്രിമിക്സ് കൊണ്ടുണ്ടാക്കാവുന്ന ഉപ ഉൽപന്നങ്ങളുടെ പ്രദർശനവും സാമ്പിൾ വിതരണവും അമൃതം ന്യൂട്രിമിക്സിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനവും നടന്നു.

### കുടുംബശ്രീ

# സി.ഡി.എസ് യൂണിറ്റുകളിൽ നടീൽ ഉത്സവം

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് ഇടുക്കി ജില്ലയിൽ കട്ടപ്പന ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ നടീൽ ഉത്സവം സംഘടിപ്പിച്ചു. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിലാണ് നടീൽ ഉത്സവം വിവിധ പഞ്ചായത്തുകളിൽ സംഘടിപ്പിച്ചത്. കപ്പയും വാഴയും പോലെയുള്ള ഭക്ഷ്യവിളകൾ ഉൽപാദിപ്പിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അന്യം നിന്നു പോകാനിടയുള്ള ഭക്ഷ്യവസ്തുക്കൾ കൃഷി ചെയ്തു പരിപാലിക്കുന്നതിന് പുതുതലമുറയെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

കട്ടപ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി കുളമ്പള്ളി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബിജു ചക്കുംമൂട്ടിൽ, ഗിരീഷ് മാലിയിൽ ജിജി ചെറിയാൻ, മോളിക്കുട്ടി സെബാസ്റ്റ്യൻ, ജോളി രാമകൃഷ്ണൻ, ജയശ്രീ ഷൈൻ, കുടുംബശ്രീ ചെയർപേഴ്സൺ ബിന്ദു ലോഹിതാക്ഷൻ എന്നിവർ പ്രസംഗിച്ചു.

അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിൽ സി.ഡി.എസ്-എ.ഡി.എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ നടീൽ ഉൽസവം നടന്നു. പഞ്ചായത്ത് പ്രസിഡന്റ് വിജയമ്മ ജോസഫ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് അംഗങ്ങൾ, സി.ഡി.എസ് ചെയർപേഴ്സൺ ഷൈല വിനോദ് എന്നിവർ നേതൃത്വം നൽകി.

ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ നടന്ന നടീൽ ഉൽസവം പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര ചന്ദ്രമോഹൻദാസ് ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ ഇന്ദിര ശ്രീനി, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

# ഇന്ന് ഞാൻ...



## വിജനവഴിയിലെ വെളിച്ചം

ഇടുക്കി ജില്ലയിലെ പെരുവന്താനം പഞ്ചായത്തിലാണ് ഞാൻ ജനിച്ചത്. മാതാപിതാക്കളുടെ എട്ടുമക്കളിൽ ഏറ്റവും ഇളയ കുട്ടിയായിരുന്നു ഞാൻ. അതുകൊണ്ടു തന്നെ എല്ലാവരുടേയും പ്രത്യേക സ്നേഹവാത്സല്യങ്ങൾ എനിക്കു ലഭിച്ചിരുന്നു. കൂലിപ്പണിയായിരുന്നു അച്ഛന്. അമ്മയ്ക്ക് പ്രത്യേകിച്ച് ജോലിയൊന്നും ഉണ്ടായിരുന്നില്ല വീടിനടുത്തുതന്നെയുള്ള സ്കൂളിലായിരുന്നു ഞാൻ പത്താംക്ലാസു വരെ പഠിച്ചത്.

പ്രീഡിഗ്രി കഴിഞ്ഞ് ടൈപ്പ്റൈറ്റിംഗ് പഠിക്കുന്ന സമയത്താണ് എനിക്കു വിവാഹാലോചനകൾ വരുന്നത്. 20 വയസിൽ എന്റെ കല്യാണം കഴിഞ്ഞു. പുതിയ വീട്ടിലെ മൂത്ത മരുമകളായിട്ടാണ് ഞാൻ കടന്നു ചെന്നത്. വളരെ സ്നേഹമുള്ള ആളായിരുന്നു എന്റെ ഭർത്താവ്. എറണാകുളത്തുള്ള ഒരു സ്ഥാപനത്തിൽ ഇന്റീരിയർ ഡിസൈനിംഗിന്റെ ജോലിയായിരുന്നു അദ്ദേഹത്തിന്. വളരെ സന്തോഷത്തോടുകൂടിയാണ് ഞങ്ങൾ ജീവിച്ചത്. ഞങ്ങളുടെ ദാമ്പത്യജീവിതത്തിന് മധുരം പകരാൻ രണ്ട് ആൺകുട്ടികളും ജനിച്ചു.

ഭർത്താവും മക്കളുമൊത്ത് തികച്ചും സംതൃപ്തകരമായ ജീവിതമായിരുന്നു എന്റേത്. അങ്ങനെ ആറു വർഷം കടന്നു പോയി. പക്ഷേ ആ സന്തോഷകരമായ ജീവിതം അധികകാലം തുടരാൻ വിധി അനുവദിച്ചില്ല. എന്റെ ജീവിതത്തിലെ ഏറ്റവും അഭിശപ്തമായ ദിനം വരുന്നതേ ഉണ്ടായിരുന്നുള്ളു. 2002 മാർച്ച് ഒമ്പതിനാണ് ആ ദുരന്തം എന്റെ ജീവിതത്തിലെ എല്ലാ സന്തോഷങ്ങളും തട്ടിയെടുത്തത്. ബൈക്കിൽ നെടുങ്കണ്ടത്തേക്കു പോയ എന്റെ ഭർത്താവ് ഒരു അപകടത്തിൽപ്പെട്ട് മരിച്ചു. വിവരം അറിഞ്ഞ് ബോധരഹിതയായ ഞാൻ ഉണർന്നപ്പോൾ അദ്ദേഹം ഈ ലോകത്തു നിന്നുതന്നെ യാത്രയായി കഴിഞ്ഞിരുന്നു.

ഭർത്താവ് മരിക്കുമ്പോൾ എന്റെ മൂത്ത മകന് നാലും ഇളയ മകന് രണ്ടു വയസുമാണ് പ്രായം. അദ്ദേഹത്തിന്റെ മരണത്തോടെ എന്റെ ജീവിതത്തിന്റെ മാത്രമല്ല, മനസിന്റെയും താളം തെറ്റിയിരുന്നു. നാളുകൾ കടന്നുപോകുംതോറും മറ്റുള്ളവർക്ക് എന്നോടുള്ള സഹതാപം കുറഞ്ഞു വരുന്നതായി എനിക്കു മനസിലായി. ജീവിതത്തിലേക്കു തിരിച്ചുവരുന്നതിലല്ല, മറിച്ച് എന്റെ ഭർത്താവിന്റെ അടുത്തേക്ക് പോകണം എന്നതായിരുന്നു എന്റെ ആഗ്രഹം. പക്ഷേ ആ സമയത്തെല്ലാം എന്നെ ആ ചിന്തയിൽ



*സി. ജി പ്രസന്നൻ*

നിന്നു പിന്തിരിപ്പിച്ചത് എന്റെ കുഞ്ഞുങ്ങളുടെ മുഖമാണ്.എനിക്കാണെങ്കിൽ ജോലിയൊന്നുമില്ല. എങ്ങനെ ജീവിതം തള്ളിനീക്കുമെന്നറിയാതെ ഞാൻ വലഞ്ഞു. ഒടുവിൽ കൈക്കുഞ്ഞുങ്ങളെയും കൊണ്ട് ഞാൻ എന്റെ വീട്ടിലേക്കു പോന്നു.

അങ്ങനെ ജീവിതം അസ്തമിച്ചു എന്നുതന്നെ ഞാൻ വിശ്വസിച്ചിരുന്ന നാളുകളിലാണ് കുടുംബശ്രീ എന്റെ ജീവിതത്തിലേക്ക് കടന്നു വരുന്നത്. മാനസികമായി തകർന്നടിഞ്ഞ എന്നെ ജീവിതത്തിലേക്കു തിരികെയെത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് മറ്റുള്ളവർ എന്നെ നിർബന്ധിച്ച് കുടുംബശ്രീയിൽ ചേർത്തത്. ഞങ്ങൾ 14 പേർ ചേർന്ന് പുതിയ ഒരയൽക്കൂട്ടം രൂപീകരിച്ചു. അതുവരെ മുറിക്കുള്ളിൽ കരഞ്ഞുകാലം കഴിച്ച ഞാൻ പതുക്കെ അയൽക്കൂട്ട പ്രവർത്തനങ്ങൾ വഴി പുറംലോകത്തേക്കിറങ്ങി.

കുടുംബശ്രീ സംഘടിപ്പിച്ച നിരവധി പഠനക്ലാസുകളിൽ എനിക്കു പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നു. അതിലൂടെ സ്ത്രീശാക്തീകരണം, ദാരിദ്ര്യനിർമാർജനം എന്നീ വിഷയങ്ങളിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കാൻ സഹായിച്ചു. കൂടാതെ അഗതികൾക്കും വിധവകളായ സ്ത്രീകൾക്കും മറ്റുള്ളവരെ ആശ്രയിക്കാതെ എങ്ങനെ മാന്യമായി ജീവിക്കാൻ കഴിയുമെന്നും എനിക്കു പഠനക്ലാസുകളിൽ പങ്കെടുത്തതിൽ നിന്നു മനസിലായി.

എന്റെ ഏറ്റവും അടുത്ത ബന്ധുവും സുഹൃത്തും കൂടിയായ ഒരാൾ എനിക്ക് കുറേ നല്ല പുസ്തകങ്ങൾ തന്നു. അത് വായിച്ചതിലൂടെ കുറച്ച് അറിവ് നേടാനായി. പണ്ട് ആരോടെങ്കിലും സംസാരിക്കാൻ പോലും എനിക്ക് ഭയമായിരുന്നു.

കുടുംബശ്രീയിൽ ചേർന്നു പ്രവർത്തിക്കാൻ ആരംഭിച്ചതോടെ സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലാനും ബാങ്ക്, മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ തനിയെ പോയി കാര്യങ്ങൾ നടത്താനുമുള്ള ശേഷി എനിക്കുണ്ടായി. എ.ഡി.എസ് സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ ആറു വർഷത്തോളം പ്രവർത്തിച്ചു. ഇതിനിടെ കുടുംബശ്രീ ചെയർപേഴ്സന്റെ സഹായത്തോടെ ഒരു ചെറിയ ജോലി ലഭിച്ചു. ഇതിൽ നിന്നു കിട്ടുന്ന വരുമാനവും മറ്റ് ചെറിയ സമ്പാദ്യവുമൊക്കെ കൂട്ടിച്ചേർത്ത് ഒരു ചെറിയ വീടു വച്ചു. കുടുംബശ്രീയിൽ നിന്നും ചെറിയ ലോണെടുത്തും മറ്റും അത്യാവശ്യകാര്യങ്ങൾ സാധിക്കാനും കഴിയുന്നു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കെടുക്കുന്നുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി കുടുംബശ്രീയിലെ അഞ്ച് അംഗങ്ങൾ ചേർന്ന് ഒരേക്കർ സ്ഥലം പാട്ടത്തിനെടുത്ത് കപ്പ, വാഴ, ചേന, ചേമ്പ് എന്നിവ കൃഷി ചെയ്യുന്നുണ്ട്.

ഭർത്താവ് മരിച്ചിട്ട് ഇപ്പോൾ 11 വർഷമായി. എന്റെ മൂത്ത മകൻ ഇപ്പോൾ പ്ലസ് വണ്ണിനും ഇളയ മകൻ എട്ടാം ക്ലാസിലും പഠിക്കുന്നു. ഞാൻ കുടുംബശ്രീയിൽ ചേർന്നില്ലായിരുന്നുവെങ്കിൽ എന്റെ ജീവിതം എന്താകുമായിരുന്നു എന്ന് എനിക്ക് ഓർക്കാൻ കൂടി കഴിയില്ല. ഇന്ന് എന്റെ കുട്ടികൾ നന്നായി പഠിക്കുന്നു. ബുദ്ധിമുട്ടുകളില്ലാതെ ജീവിക്കുന്നു.ജീവിതത്തിന്റെ പ്രതിസന്ധി നിറഞ്ഞ ഘട്ടങ്ങളിൽ നിന്നു പിന്തിരിഞ്ഞ് ഓടുകയല്ല വേണ്ടത്, മറിച്ച് ധൈര്യപൂർവം മുന്നേറുകയാണ് ചെയ്യേണ്ടതെന്ന് എന്നെ കുടുംബശ്രീ പഠിപ്പിച്ചു. മറ്റുള്ളവർക്കും ഇതൊരു പാഠമാകണം എന്നാണ് എന്റെ ആഗ്രഹം.

***ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ യുവജ്യോതി കുടുംബശ്രീ അംഗവും എ.ഡി.എസ് മെമ്പറുമായ സിജി പ്രസന്നന്റെ വിജയാനുഭവകഥയിൽ നിന്ന്***

# കൈപ്പുണ്യത്തിനൊപ്പം കഫേ കുടുംബശ്രീ

കൊല്ലം ജില്ലയിൽ കോഫി ഹൗസ് മാതൃകയിൽ റസ്റ്ററന്റുകൾ തുടങ്ങാനുള്ള കുടുംബശ്രീ പദ്ധതിക്കു കീഴിൽ വിവിധ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നു തിരഞ്ഞെടുത്ത 77 കുടുംബശ്രീ വനിതകൾക്കുള്ള പരിശീലനം പൂർത്തിയായി. പത്തു ദിവസത്തെ പരിശീലനം കഴിഞ്ഞ കുടുംബശ്രീ വനിതകൾ ഇനി ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ സ്വാദിഷ്ഠമായ വിഭവങ്ങളൊരുക്കും.

കോഫി ഹൗസ് മാതൃകയിൽ സംസ്ഥാനത്തുടനീളം റസ്റ്റോറന്റുകൾ തുടങ്ങാനുള്ള കുടുംബശ്രീ പദ്ധതിയാണ് കഫേ കുടുംബശ്രീ. കൂടാതെ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ എം.സി റോഡിന്റെ ഓരത്തായി 'പാഥേയം' എന്ന പേരിലും റസ്റ്ററന്റുകൾ തുടങ്ങും. ജില്ലയിൽ ചടയമംഗലത്തും കുളക്കടയിലും ഇതിനായി സ്ഥലം കണ്ടെത്തിക്കഴിഞ്ഞു.

ചിക്കൻ മുഗളായ്, ചെട്ടിനാട് ചിക്കൻ എന്നിവ ഉൾപ്പെടെ വിവിധ ചിക്കൻ വിഭവങ്ങളും ഹൈദരാബാദി ബിരിയാണി ഉൾപ്പെടെയുള്ള വിവിധയിനം ബിരിയാണികൾ നെല്ലിക്ക ജ്യൂസ് വരെയുള്ള വിവിധയിനം ജ്യൂസുകളും, സൂപ്പുകൾ, പുഡിങ്ങുകൾ, പായസങ്ങൾ, കപ്പയും മീൻകറിയും തുടങ്ങിയ വിഭവങ്ങളും തയ്യാറാക്കുന്ന വിധം ഇവരെ പരിശീലിപ്പിച്ചിട്ടുണ്ട്. കൂടാതെ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, പ്രഫഷനൽ കുക്കറി, ഫുഡ് സർവീസ് മാനേജ്മെന്റ്, സ്റ്റോർ മാനേജ്മെന്റ്, ഫുഡ് സേഫ്റ്റി ആന്റ് ഹൈജീൻ എന്നിവയിലും പരിശീലനം നൽകി.

തൃശൂർ ആസ്ഥാനമായുള്ള ഐഫ്രം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യയിലും വിദേശത്തും പ്രവർത്തന പരിചയമുള്ള ഷെഫുമാരുടെയും ഹോട്ടൽ മാനേജ്മെന്റ് വിദഗ്ധരുടെയും കീഴിലായിരുന്നു പരിശീലനം.

### കാർഷിക സാങ്കേതിക പരിശീലനം

ആലപ്പുഴ ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷൻ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ സി.ഡി.എസിന്റെ പരിധിയിലെ 125 സംഘകൃഷി ഗ്രൂപ്പുകളിലെ കർഷകർക്ക് കാർഷിക സാങ്കേതിക പരിശീലനം നൽകി. 800 വനിതാ കർഷകർക്കായി 14 ദിവസമാണ് പരിശീലനം കൊടുത്തത്.

സമാപനസമ്മേളനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ സുധാ പ്രസന്നൻ അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ.കെ.എം. മുഹിസിൻ കോയ, വാർഡ് അംഗങ്ങളായ എസ്. ഷൈലജ, വസന്ത, ഖുറൈഷി, ഷാജഹാൻ എന്നിവർ പ്രസംഗിച്ചു.

കുടുംബശ്രീ ജില്ലാ സംഘകൃഷി സാങ്കേതിക പരിശീലകർ കാർഷിക സർവകലാശാല റിട്ട.ഫാം മാനേജർമാരായ ടി.കെ. വിജയൻ, ടി. മുഹമ്മദ് ഹനീഫ, മുതുകുളം ബ്ലോക്ക് അംഗം ലീലാ ഗോകുൽ, വി. ഈശ്വരൻ നമ്പൂതിരി, വി. ശ്രീജു, ടി. സിന്ധു എന്നിവർ ക്ലാസ് നയിച്ചു. സി.ഡി.എസ് അംഗം ദീപ സ്വാഗതവും സുജ നന്ദിയും പറഞ്ഞു.

# കുടുംബശ്രീ ഉൽപന്ന വിതരണ കേന്ദ്രം ഉദ്ഘാടനം ചെയ്തു



ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഉൽപന്ന വിതരണ കേന്ദ്രത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത്-സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ നിർവഹിക്കുന്നു. ജോസ് കെ.മാണി എം.പി സമീപം

കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഉൽപന്ന വിതരണ കേന്ദ്രത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത്-സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെയിംസ് പ്ലാക്കിത്തൊട്ടി അദ്ധ്യക്ഷത വഹിച്ചു.

വിവിധ കറി പൗഡറുകൾ, അച്ചാറുകൾ, അരിപ്പൊടി, കപ്പപ്പൊടി, വെളിച്ചെണ്ണ, സ്‌ക്വാഷ്, ജാമുകൾ, അവൽ, ശർക്കര, സോപ്പുപൊടി, ലോഷൻ, ബാഗുകൾ, തുണിത്തരങ്ങൾ, പാത്രങ്ങൾ, ദാഹശമനി, പലഹാരങ്ങൾ തുടങ്ങി കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളാണ് ഇവിടെ വിപണനം നടത്തുന്നത്.

വിവിധ വികസന പ്രവർത്തനങ്ങളോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജോസ്.കെ.മാണി എം.പി, മുൻ എം.എൽ.എ തോമസ് ചാഴിക്കാടൻ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ശോഭാലക്ഷ്മി, അസി. കോ-ഓർഡിനേറ്റർ പി.രമേശ്, പഞ്ചായത്ത് സെക്രട്ടറി ബിജു കൂബിക്കൻ, ജോർജ് പുല്ലാട്ട്, സന്ധ്യാ ബാനർജി, ജോസ് മോൻ, സാലി ജോർജ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എസ്.ശശികുമാർ, ജോൺ ജോസഫ്, ജയശ്രീ ഗോപിക്കുട്ടൻ എന്നിവർ സംസാരിച്ചു.

# അപ്പാരൽ പാർക്ക് ഉദ്ഘാടനം



കുടുംബശ്രീയുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ ആറളം ഗ്രാമപഞ്ചായത്തിൽ നിർമിച്ച അപ്പാരൽ പാർക്ക് അഡ്വ.സണ്ണി ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് തോമസ് അദ്ധ്യക്ഷത വഹിച്ചു.

പഞ്ചായത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങളായ 40 സ്ത്രീകൾക്ക് തൊഴിലും സ്ഥിരവരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അപ്പാരൽ പാർക്ക് ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീക്കു വേണ്ടി പഞ്ചായത്ത് 40 ലക്ഷം രൂപ മുടക്കി എടൂരിൽ നിർമിച്ച കെട്ടിടത്തിലാണ് അപ്പാരൽ പാർക്കിന്റെ പ്രവർത്തനം. 18 ലക്ഷം രൂപയാണ് യൂണിറ്റ് അംഗങ്ങളുടെ ലോൺ. ഈ ബ്ലോക്കിൽ ആദ്യമായാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ അപ്പാരൽ പാർക്ക് തുടങ്ങുന്നത്.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്‌സൺ റെയ്ഹാനത്ത് സുബി, കുടുംബശ്രീ ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർ ടി.ഷാഹുൽ ഹമീദ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു,

# ആജീവിക: സമ്പൂർണ്ണ അയൽക്കൂട്ട സംഗമങ്ങൾ സംഘടിപ്പിക്കും

ആജീവിക വികസന ക്യാമ്പയിന്റെ ഭാഗമായി കുടുംബശ്രീ ജില്ലയിൽ സമ്പൂർണ്ണ അയൽക്കൂട്ട സംഗമങ്ങൾ സംഘടിപ്പിക്കും. 2014 റിപ്പബ്ലിക് ദിനത്തിലാണ് ജില്ലയിലെ മുഴുവൻ അയൽക്കൂട്ടങ്ങളും ഏകദിന സമ്പൂർണ്ണ യോഗം ചേരുന്നത്.

കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതോടൊപ്പം കേന്ദ്ര-സംസ്ഥാന-ജില്ലാ-പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പും അവലോകനവും വിലയിരുത്തലും അയൽക്കൂട്ടതലത്തിൽ നടക്കും. വിവിധ പദ്ധതികളെ കുറിച്ച് ബോധവൽക്കരണവും കൂടാതെ അർഹരായവർക്കുള്ള ആനുകൂല്യങ്ങൾ വേഗത്തിൽ ഉറപ്പാക്കുകയുമാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

ജില്ലയിൽ പ്രത്യേകമായി കുടുംബശ്രീ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളും പരിപാടികളും അയൽക്കൂട്ട സംഗമങ്ങളിൽ ചർച്ച ചെയ്യും. ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് നിഷേധിക്കുന്നത് തടയാനും അർഹരായവരെ വേഗത്തിൽ കണ്ടെത്താനും ഇതുകൊണ്ടാവും.

സമ്പൂർണ്ണ അയൽക്കൂട്ട സംഗമങ്ങളിലൂടെ ഉപജീവന സംരംഭങ്ങൾ ശക്തിപ്പെടുത്തും.എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും ഒരു സംരംഭം ഉറപ്പു വരുത്തും. 500 എസ്.ടി പ്രൊമോട്ടർമാർക്ക് പ്രത്യേക പരിശീലനം നൽകും. കൂടാതെ എസ്.ടി അയൽക്കൂട്ടങ്ങൾക്ക് മിനുട്സ്, പാസ്ബുക്ക്, രജിസ്റ്റർ എന്നിവ ലഭ്യമാക്കും. പരിപാടിയുടെ മുന്നോടിയായി ഓരോ പഞ്ചായത്തിലും 50 റിസോഴ്സ്പേഴ്സൺമാർക്ക് ദ്വിദിന പരിശീലനം നൽകും. പ്രത്യേകം പരിശീലനം നേടിയ 130 ജില്ലാതല റിസോഴ്സ്പേഴ്സൺമാർ പരിപാടികൾക്ക് നേതൃത്വം നൽകും. 26 സി.ഡി.എസുകളിൽ നിന്നായി തെരഞ്ഞെടുത്ത 1300 റിസോഴ്സ്പേഴ്സൺമാർ മുഖേന പഞ്ചായത്ത് തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കും .ജനുവരി 26നു മുമ്പ് അയൽക്കൂട്ടങ്ങളുടെ സമ്പൂർണ ഗ്രേഡിംഗ് ലിങ്കേജ്, കോർപ്പസ് ഫണ്ട് വിതരണം എന്നിവ നടത്തും. കൂടാതെ മാച്ചിംഗ് ഗ്രാന്റും ഉറപ്പു വരുത്തും.

അയൽക്കൂട്ട തലത്തിൽ അഞ്ച് ഭാരവാഹികൾക്കുള്ള പരിശീലനത്തിന് ജില്ലാ - പഞ്ചായത്ത് റിസോഴ്സ്പേഴ്സൺമാരാണ് നേതൃത്വം നൽകുക. അയൽക്കൂട്ട പ്രസിഡന്റ്, സെക്രട്ടറി, വരുമാനദായക വൊളണ്ടിയർ, ആരോഗ്യ വിദ്യാഭ്യാസ വോളണ്ടിയർ, അടിസ്ഥാന വികസന വോളണ്ടിയർ എന്നീ ഭാരവാഹികളാണ് പങ്കെടുക്കേണ്ടത്. ജില്ല-പഞ്ചായത്ത്-അയൽക്കൂട്ട ഭാരവാഹികൾ എന്നിവർക്കുള്ള ത്രിതല പരിശീലനം പൂർത്തിയാക്കുന്നതോടെ അയൽക്കൂട്ട യോഗങ്ങൾക്കുള്ള നടപടികൾ തുടങ്ങും. പഞ്ചായത്ത് തലത്തിൽ സി.ഡി.എസും വാർഡ് തലത്തിൽ എ.ഡി.എസും പരിശീലനങ്ങൾക്കും അയൽക്കൂട്ട സംഗമങ്ങൾക്കും നേതൃത്വം നൽകും.

# 40 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷയുമായി കുടുംബശ്രീ

കേരളത്തിലെ 40 ലക്ഷം കുടുംബശ്രീ അംഗങ്ങളുടെ ജീവന് പരിരക്ഷ നൽകുന്ന കുടുംബശ്രീ ഇൻഷുറൻസ് പദ്ധതിക്ക് തുടക്കമായി. കുടുംബശ്രീയും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതു പ്രകാരം 18 മുതൽ 59 വയസു വരെ പ്രായമുള്ള അയൽക്കൂട്ട അംഗങ്ങൾക്ക് പദ്ധതിയിൽ ചേരാനാകും. 250 രൂപയാണ് വാർഷിക പ്രീമിയം. ഇതിൽ അംഗങ്ങൾ 150 രൂപ മാത്രം അടച്ചാൽ മതിയാകും. 100 രൂപ കേന്ദ്രസർക്കാറാണ് നൽകുന്നത്.

പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് സ്വാഭാവികമരണം സംഭവിച്ചാൽ നിയമപരമായ അവകാശിക്ക് 50,000 രൂപയും അപകടമരണത്തിന് 95,000 രൂപയും ലഭിക്കും. അപകടത്തിൽ പെട്ട് സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ പോളിസി ഉടമയ്ക്ക് 75,000 രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 37,500 രൂപയും ലഭിക്കും. കൂടാതെ പദ്ധതിയിൽ അംഗങ്ങളാകുന്ന 18 മുതൽ 59 വയസു വരെ പ്രായമുള്ളവരുടെ 9 മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന രണ്ട് കുട്ടികൾക്ക് വീതം പ്രതിവർഷം 1200/- രൂപ സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്യും.

59 വയസു മുതൽ 75 വയസു വരെ പ്രായമുള്ള അയൽക്കൂട്ട അംഗങ്ങൾക്കും പദ്ധതിയിൽ ചേരാനാകും. 150 രൂപയാണ് വാർഷിക പ്രീമിയം. ഈ വിഭാഗത്തിൽ സ്വാഭാവിക മരണത്തിനു മാത്രമാണ് ആനുകൂല്യം ലഭിക്കുക. പോളിസി കാലാവധിക്കുള്ളിൽ പോളിസി ഉടമയ്ക്ക് സ്വാഭാവിക മരണം സംഭവിച്ചാൽ നിയമപരമായ അവകാശിക്ക് പോളിസി ആനുകൂല്യം ലഭിക്കും.

- 75 വയസ് വരെയുള്ള കുടുംബശ്രീ വനിതകൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന അതുല്യ പദ്ധതി
- ഇൻഷുറൻസ് പരിരക്ഷയ്ക്കൊപ്പം പദ്ധതി അംഗങ്ങളുടെ 9 മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന രണ്ട് കുട്ടികൾക്ക് പ്രതിവർഷം 1200/- രൂപ വീതം സ്കോളർഷിപ്പ്
- പദ്ധതിയിൽ അംഗങ്ങളായവർക്ക് മരണം സംഭവിച്ചാൽ അടിയന്തിരമായി 24 മണിക്കൂറിനുള്ളിൽ കുടുംബാംഗങ്ങൾക്ക് 5000 രൂപ ലഭ്യമാക്കുന്നു

60-65 വയസു വരെയുള്ള പദ്ധതി അംഗങ്ങൾക്ക് പോളിസി കാലാവധിക്കുള്ളിൽ മരണം സംഭവിച്ചാൽ നിയമപരമായ അവകാശിക്ക് 9000 രൂപ ലഭിക്കും.. 66-70 വയസു വരെയുള്ളവർക്ക് മരണം സംഭവിച്ചാൽ 6000 രൂപയും 71-75 വയസു വരെയുള്ളവർക്ക് പോളിസി കാലാവധിക്കുള്ളിൽ മരണം സംഭവിച്ചാൽ 4000 രൂപയുമാണ് നിയമപരമായ അവകാശിക്ക് മരണാനുകൂല്യമായി ലഭിക്കുക. കൂടാതെ പദ്ധതിയിൽ ചേർന്നിട്ടുള്ള അയൽക്കൂട്ടാംഗങ്ങൾക്ക് മരണം സംഭവിച്ചാൽ അടിയന്തിരമായി 24 മണിക്കൂറിനുള്ളിൽ കുടുംബാംഗങ്ങൾക്ക് 5000 രൂപ എത്തിച്ചു കൊടുക്കാനുള്ള സംവിധാനവും കുടുംബശ്രീ വഴി ഒരുക്കിയിട്ടുണ്ട്. പദ്ധതിയിൽ ചേരുന്നതിനായി അയൽക്കൂട്ട അംഗങ്ങൾ അതത് കുടുംബശ്രീ സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## ശിശുദിനാഘോഷം:
# ജില്ലകളിൽ വിവിധ പരിപാടികൾ




ശിശുദിനത്തോടനുബന്ധിച്ച് കോഴിക്കോട് ജില്ലയിൽ കുടുംബശ്രീ ബാലസഭയുടെയും കോർപ്പറേഷന്റെയും നേതൃത്വത്തിൽ ദേശീയോദ്ഗ്രഥന റാലി നടത്തി. റാലിയിൽ കുട്ടികളുടെ മാർഗംകളി, ശിങ്കാരിമേളം, ഒപ്പന, ദഫ്മുട്ട്, തിരുവാതിരകളി എന്നിവ നടത്തി.

മേയർ പ്രഫ.എം.കെ. പ്രേമജം റാലി ഫ്ളാഗ് ഓഫ് ചെയ്തു. കുടുംബശ്രീ പ്രോജക്ട് ഓഫീസർ എം.വി.റംസി ഇസ്മായിൽ അദ്ധ്യക്ഷത വഹിച്ചു. റാലിയുടെ സമാപന സമ്മേളനത്തിൽ കുട്ടികൾ മാനവികതാ പ്രതിജ്ഞയെടുത്തു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജാനമ്മ കുഞ്ഞുണ്ണി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർ കെ.അബ്ദുൾസലാം, ബാലസഭാ ജില്ലാ കൺസൾട്ടന്റ് എം.പി.മുനീർ, സി.ഡി.എസ് സൗത്ത് ചെയർപേഴ്സൺ ഷീജാ വിനോദ്, എന്നിവർ പ്രസംഗിച്ചു. എം.വി.റംസി ഇസ്മായിൽ സ്വാഗതവും സി.ഡി.എസ് നോർത്ത് ചെയർപേഴ്സൺ പി.പി.ഷീജ നന്ദിയും പറഞ്ഞു.




ശിശുദിനാഘോഷത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിൽ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസിലെ ബാലപഞ്ചായത്തിന്റെ നേതൃത്വത്തിൽ ബാലസഭാംഗങ്ങൾ മദ്യവിരുദ്ധ റാലിയും ബോധവൽക്കരണ പരിപാടിയും നടത്തി. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗം മൂലം കുടുംബങ്ങൾ അനാഥമാകുകയും വിദ്യാർത്ഥികൾ വഴി തെറ്റുകയും ചെയ്യുന്ന സാഹചര്യത്തിലാണ് റാലി നടത്തിയത്.

ശിശുദിനാഘോഷത്തോടനുബന്ധിച്ച് വിവിധ വാർഡുകളിൽ നിന്നെത്തിയ 250ഓളം ബാലസഭാംഗങ്ങളും കുടുംബശ്രീ പ്രവർത്തകരും അണി നിരന്ന റാലി സംഘടിപ്പിച്ചു. മദ്യത്തിനും മയക്കുമരുന്നിനും എതിരേയുള്ള മുദ്രാവാക്യങ്ങൾ രേഖപ്പെടുത്തിയ പ്ലാക്കാർഡുകളുമായാണ് കുട്ടികൾ റാലിയിൽ പങ്കെടുത്തത്. കൂടാതെ മദ്യത്തിനും മയക്കുമരുന്നിനും എതിരേയുള്ള സ്കിറ്റുകളും കുട്ടികൾ അവതരിപ്പിച്ചു. കുടുംബശ്രീ പ്രവർത്തനങ്ങളും അതിന്റെ വളർച്ചയും മദ്യവും മയക്കുമരുന്നും ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളും സമൂഹത്തെ എങ്ങനെ നശിപ്പിക്കുന്നു എന്നതിനെ കുറിച്ച് വളരെ സരസമായി പ്രതിപാദിക്കുന്ന വിധത്തിൽ ഉല്ലാസ് വെള്ളൂർ അവതരിപ്പിച്ച ഓട്ടൻതുള്ളലും ഏറെ ശ്രദ്ധേയമായി.

കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.പത്മാവതി പരിപാടി ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.വി.അപ്പുക്കുട്ടൻ അദ്ധ്യക്ഷത വഹിച്ചു. സുനിൽ കുന്നത്തു മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർ ടി.ഷാഹുൽ ഹമീദ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ എ.ഇന്ദിര, പി.വി.നാരായണി തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി. സി.ഡി.എസ് ചെയർപേഴ്സൺ സുജ പി.വി. സ്വാഗതവും മെമ്പർ സെക്രട്ടറി കെ.രമണി നന്ദിയും പറഞ്ഞു.






ശിശുദിനാഘോഷത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ കുടുംബശ്രീ നഗരബാലസഭാംഗങ്ങൾക്കായി പേപ്പർ ക്രാഫ്റ്റ് പരിശീലനം നൽകി. വിനീത ചെമ്മങ്കടവ് ക്ലാസ് നയിച്ചു, മുനിസിപ്പൽ കൗൺസിലർ സുജാത.കെ.കെ, സി.ഡി.എസ് ചെയർപേഴ്സൺ കെ.പി മായ, ബാലസഭാ കൺസൾട്ടന്റ് ടി.റിയാസ് മോൻ സി.ഡി.എസ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

## കഫേ കുടുംബശ്രീക്ക് സ്വർണ മെഡൽ

ഒന്നാംപേജ് തുടർച്ച

ന്യൂഡൽഹിയിൽനടന്ന അന്താരാഷ്ട്ര വ്യാപാരമേളയിൽ മികച്ച ഫുഡ്സ്റ്റാളിനുള്ള സ്വർണമെഡൽ കേരളത്തിന്റെ സ്വന്തം കഫേ കുടുംബശ്രീക്ക്. പ്രഗതി മൈതാനിയിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ അസി.കോ-ഓർഡിനേറ്റർ റിയാസ് മീനത്തേരിൽ, എച്ച്. സഫീർ, പി.ആർ.ഡി ഡയറക്ടർ മിനി ആന്റണി എന്നിവർ ചേർന്ന് കേന്ദ്രമന്ത്രി ഫാറൂഖ് അബ്ദുല്ലയിൽ നിന്ന് മെഡൽ ഏറ്റുവാങ്ങി. ആദ്യമായാണ് ഡൽഹിയിലെ അന്താരാഷ്ട്ര വ്യാപാരമേളയിൽ കഫേ കുടുംബശ്രീ പങ്കെടുക്കുന്നത്

കാസർകോട്ടു നിന്നുള്ള ഷിഫ, തലശ്ശേരിയിലെ വെൺമ, തിരുവനന്തപുരത്തെ ശ്രീഭദ്ര എന്നിങ്ങനെ കേരളത്തിൽ നിന്നും കഫേ കുടുംബശ്രീയുടെ മൂന്നു യൂണിറ്റുകളാണ് വ്യാപാരമേളയിൽ എത്തിയത്. ഫാത്തിമ അബ്ദുല്ല, സുഹ്റ, ലത, എന്നിവരാണ് 13 ദിവസം നീണ്ട വ്യാപാരമേളയിൽ കേരളത്തിന്റെ വിഭിന്ന രുചിക്കൂട്ടുകൾ തയ്യാറാക്കിയ യൂണിറ്റിന്റെ സാരഥികൾ.

# ഗോത്രവർഗ മേഖലയിൽ കുടുംബശ്രീ പ്രവർത്തനം ഊർജിതമാക്കുന്നു

ഇടുക്കി ജില്ലയിൽ സർക്കാർ സേവനങ്ങളും ക്ഷേമപദ്ധതികളും ഗോത്രവർഗ കുടുംബങ്ങളിൽ എത്തിക്കുന്നതിനായി കുടുംബശ്രീയും പട്ടികവർഗ വികസന വകുപ്പുമായി ചേർന്ന് പ്രത്യേക കർമപദ്ധതി നടപ്പാക്കും. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി പ്രത്യേക ആനുകൂല്യങ്ങൾ പട്ടികവർഗ മേഖലയിൽ ലഭ്യമാക്കുന്നതാണു പദ്ധതി. ഇതിനായി കുടുംബശ്രീ അംഗത്വം ഉറപ്പാക്കും. പ്രത്യേക ഗോത്രവർഗ അയൽക്കൂട്ടങ്ങൾ രൂപീകരിക്കും. 10000 രൂപ വീതം കോർപ്പസ് ഫണ്ട് ലഭ്യമാക്കും.

പട്ടികവർഗ എ.ഡി.എസുകളും പട്ടികവർഗ ബാലസഭകളും രൂപീകരിക്കും. പട്ടികവർഗ സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ചു പ്രത്യേക റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കും. പട്ടികവർഗ മേഖലയിൽ പരമ്പരാഗത തൊഴിലും സംസ്കാരവും പ്രോത്സാഹിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കും, ഇതോടൊപ്പം സാക്ഷരതാ പ്രവർത്തനങ്ങളും ശക്തമാക്കും. പട്ടികവർഗ ആശ്രയപദ്ധതി നടപ്പാക്കുന്നതോടൊപ്പം ആരോഗ്യപ്രവർത്തകരെയും അംഗൻവാടി പ്രവർത്തകരെയും പദ്ധതിയുമായി ബന്ധപ്പെടുത്തും.

ഊരുമൂപ്പൻമാർക്ക് പ്രത്യേക പരിശീലനം ഏർപ്പെടുത്തും. ഒപ്പം പരമ്പരാഗത കലാ-സാംസ്കാരിക പരിപാടികൾക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കും,. ഗോത്രവർഗ ചികിത്സാരീതിയും ഔഷധകൃഷിയും പ്രോത്സാഹിപ്പിക്കും, പ്രത്യേക തൊഴിൽ സംരംഭക ഗ്രൂപ്പുകൾ രൂപീകരിച്ചു സ്ഥിരം തൊഴിലും വരുമാനവും ലഭ്യമാക്കും, തൊഴിലുറപ്പ് പദ്ധതിയിൽ അർഹരായ മുഴുവൻ കുടുംബങ്ങളെയും പങ്കാളികളാക്കും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള ചൂഷണം തടയാൻ സ്ത്രീകളെ പ്രാപ്തരാക്കും. സർക്കാർ സേവനങ്ങളും ക്ഷേമപദ്ധതികളും എത്തിക്കും. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി പട്ടികവർഗ കോളനികളിൽ ആനിമേറ്റേഴ്സിനെ ചുമതലപ്പെടുത്തിക്കൊണ്ടാണു പദ്ധതി നടപ്പിലാക്കുക. ഇതിന്റെ ഭാഗമായുള്ള പട്ടികവർഗ പ്രൊമോട്ടേഴ്സ്, പട്ടികവർഗ റിസോഴ്സ് പേഴ്സൺമാർ എന്നിവർക്കുള്ള ജില്ലാതല പരിശീലനം പൂർത്തിയാക്കി. പട്ടികവർഗ കുടികളിലെ അടിസ്ഥാന വിദ്യാഭ്യാസമുള്ള കുടുംബശ്രീ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകിക്കഴിഞ്ഞു. തൊരഞ്ഞെടുത്ത ഗോത്രവർഗ റിസോഴ്സ് പേഴ്സൺമാരെ ഉൾപ്പെടുത്തി പ്രത്യേക റിസോഴ്സ് ടീം രൂപീകരിക്കുകയും ചെയ്തു.

കുടുംബശ്രീ വാർത്താപത്രിക

# കാർഷികരംഗത്തെ കുടുംബശ്രീ മുന്നേറ്റം പ്രതീക്ഷ നൽകുന്നു: മന്ത്രി കെ.പി.മോഹനൻ



*കണ്ണൂരിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സംഘകൃഷി ഗ്രൂപ്പുകൾക്കുള്ള 10 കോടി രൂപയുടെ പലിശരഹിത വായ്പയും ധനസഹായ വിതരണവും കൃഷിമന്ത്രി കെ.പി മോഹനൻ ഉദ്ഘാടനം ചെയ്യുന്നു*

മറ്റു മേഖലകളിലെന്ന പോലെ കാർഷികമേഖലയിലെയും കുടുംബശ്രീ മുന്നേറ്റം ഏറെ പ്രതീക്ഷയോടെയാണ് സർക്കാർ കാണുന്നതെന്ന് കൃഷി-മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ.പി.മോഹനൻ. കണ്ണൂരിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സംഘകൃഷി ഗ്രൂപ്പുകൾക്കുള്ള 10 കോടി രൂപയുടെ പലിശരഹിത വായ്പയും ധനസഹായവും വിതരണം ചെയ്യുന്ന പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാർഷിക മേഖലയിൽ സ്വയം പര്യാപ്തതയാണ് ലക്ഷ്യമിടുന്നത്. പച്ചക്കറി മേഖലയിൽ സ്വയം പര്യാപ്തത നേടാനുള്ള പരിശ്രമങ്ങളുമായാണ് സർക്കാർ മുന്നോട്ടു പോകുന്നത്. ഒരു വർഷം കൊണ്ട് ലക്ഷ്യം കൈവരിക്കും. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പരമാവധി കൃഷിഭൂമി ഉപയോഗപ്പെടുത്തി കൃഷി മേഖല സമ്പുഷ്ടമാക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്. ഇതു വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തണം.. ഹൈടെക് ഫാമിങ്ങിനു പുറമേ ഇന്റഗ്രേറ്റഡ് ഫാമിങ്ങിനും തുടക്കമായി.

കഴിഞ്ഞ സീസണിൽ കൃഷി ചെയ്ത് ഉൽപാദന വർദ്ധനവുണ്ടാക്കിയ ജില്ലയിലെ വനിതാകർഷകർക്ക് ഉൽപാദന ബോണസും വിസ്തൃതി ബോണസും മന്ത്രി വിതരണം ചെയ്തു. നബാർഡും കാനറാ ബാങ്കും സംയുക്തമായാണ് വനിതാ കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നത്. മികച്ച നേട്ടം കൊയ്ത് വിജയികളാകുന്ന ജില്ലയിലെ സംഘകൃഷിഗ്രൂപ്പുകൾക്ക് മന്ത്രി സമ്മാനം പ്രഖ്യാപിച്ചു. കേരളത്തിൽ കാർഷിക ഫാമും സർവകലാശാലയും സൗജന്യമായി സന്ദർശിക്കാൻ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് അവസരമൊരുങ്ങും.

പാനൂർ പഞ്ചായത്ത് പ്രസിഡന്റ് പ്രീതാ അശോക് അദ്ധ്യക്ഷത വഹിച്ചു. മികച്ച വനിതാ കർഷകരെ പാനൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി.വസന്തകുമാരി ആദരിച്ചു. പഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കോങ്കി രവീന്ദ്രൻ, പഞ്ചായത്ത് പ്രസിഡന്റുമാരായ ടി.ഹരിദാസൻ, വി.എൻ.അനിത, കെ.പി.പവിത്രൻ, ടി.പി.രാജൻ, കരിയാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കൃഷ്ണകുമാരി, പാനൂർ പഞ്ചായത്ത് അംഗം കെ.കെ.പ്രേമൻ, ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ വി,സി.ധനരാജ്, നബാർഡ് അസി.ജനറൽ മാനേജർ പി.ദിനേശ്, ജില്ലാ ലീഡ് ബാങ്ക് മാനേജർ വി.എസ്.ജയറാം, കാനറാ ബാങ്ക് ജില്ലാ ചീഫ് മാനേജർ മോഹനൻ കോറോത്ത്, വി.സുരേന്ദ്രൻ, പി.കെ.ഇബ്രാഹിം ഹാജി, എൻ.ധനഞ്ജയൻ, കെ.കെ. ധനഞ്ജയൻ, ഇ.രാമചന്ദ്രൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എം.വി.പ്രേമരാജൻ, സി.ഉസ്മാൻ എന്നിവർ പ്രസംഗിച്ചു.

## കുടുംബശ്രീ വനിതകളുടെ നെൽക്കൃഷി: ഉദുമയിൽ കൊയ്ത്തുത്സവം



കാസർകോട് ജില്ലയിൽ ഉദുമ ഗ്രാമപഞ്ചായത്തിൽ കൊയ്ത്തുത്സവം. പഞ്ചായത്തിലെ അഞ്ചാം വാർഡിലെ ശ്രീലക്ഷ്മി സംഘക്കൃഷി ഗ്രൂപ്പ്അംഗങ്ങളാണ് നെൽപ്പാടത്ത് വിജയം കൊയ്തത്.

പഞ്ചായത്തിൽ ആകെ 73 സംഘക്കൃഷി ഗ്രൂപ്പുകളാണുള്ളത്. 2012 ൽ നെൽക്കൃഷി നടത്തി അതിൽ നിന്നും ലഭിച്ച വരുമാനം കൊണ്ട് സ്വന്തമായി നാൽപത് സെന്റ് സ്ഥലം വാങ്ങാൻ കഴിഞ്ഞ സംഘക്കൃഷി ഗ്രൂപ്പാണ് ശ്രീലക്ഷ്മി. കഠിനാദ്ധ്വാനവും ആത്മവിശ്വാസവും കൈമുതലാക്കി പാടത്ത് വിത്തെറിഞ്ഞപ്പോൾ ലഭിച്ചത് നൂറു മേനി വിളവ്. ഇതോടെ കൊയ്തെടുത്ത നെൽമണികൾ 'കതിർ' എന്ന ബ്രാൻഡിൽ വിപണനം നടത്താനും ഇവർക്കായി. ഇത്തവണയും സ്വന്തമായുള്ള നാൽപത് സെന്റ് സ്ഥലമുൾപ്പെടെ രണ്ടര ഏക്കർ സ്ഥലത്താണ് നെൽക്കൃഷി ചെയ്തത്.

കഴിഞ്ഞ വർഷം കൃഷിയിൽ നിന്നു മാറ്റിവച്ച വിത്തു തന്നെയാണ് ഇത്തവണ കൃഷിക്കുപയോഗിച്ചത്. കൂടാതെ കൃഷിഭവനിൽ നിന്നും പാടശേഖര സമിതികൾ വഴിയും സൗജന്യമായി ലഭിച്ച വിത്തും വളവും ഉപയോഗിച്ചായിരുന്നു കൃഷി. 25 ക്വിന്റൽ നെല്ലാണ് ഇത്തവണ പെൺകൂട്ടായ്മയുടെ കരുത്തിൽ കൊയ്തു കൂട്ടിയത്. കൊയ്ത്തു കഴിഞ്ഞ പാടത്ത് പച്ചക്കറിയും കൃഷി ചെയ്യുന്നുണ്ട്.

കൃഷി ഓഫീസർ.ജ്യോതി കുമാരിയാണ് നെൽക്കൃഷി ലാഭകരമായി നടത്തുന്നതിനാവശ്യമായ നിർദേശങ്ങൾ നൽകുന്നത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കർഷക സഹായ കേന്ദ്രത്തിൽ നിന്നും, മെതി യന്ത്രവും സ്പ്രേയറും കള പറിക്കുന്ന യന്ത്രവും ഉൾപ്പെടെയുള്ള കാർഷിക ഉപകരണങ്ങൾ തുച്ഛമായ വാടകയ്ക്ക് ലഭ്യമായതും സംഘക്കൃഷി അംഗങ്ങൾക്ക് ആശ്വാസമായി. സംഘക്കൃഷി ഗ്രൂപ്പ് സെക്രട്ടറി പ്രേമലത, പ്രസിഡന്റ് ഗീത, പ്രേമ ആർ.സി, സരോജിനി, ശ്രീജ, അംബുജാക്ഷി എന്നിവരാണ് നെൽക്കൃഷിയിറക്കിയത്. കൊയ്ത്തുത്സവം ഉദുമ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കസ്തൂരി ടീച്ചർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ്എ.ബാലകൃഷ്ണൻ, സി.ഡി.എസ് ചെയർപേഴ്സൺ ഗീത, കുടുംബശ്രീ ബ്ളോക്ക് കോ-ഓർഡിനേറ്റർ വിദ്യ, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, കർഷക സഹായ കേന്ദ്രം അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## എസ്.ടി പ്രൊമോട്ടർമാർക്ക് പരിശീലനം

വയനാട് ജില്ലയിൽ ഊരുത്സവം പദ്ധതി രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എസ്.ടി പ്രൊമോട്ടർമാർക്കു വേണ്ടി നടത്തുന്ന പരിശീലന പരിപാടി ജില്ലാ കളക്ടർ കെ.ജി.രാജു ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.പി.മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു.

ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ പട്ടികവർഗ വികസന വകുപ്പും കുടുംബശ്രീയും സംയുക്തമായി 11 വകുപ്പുകളുടെ സഹകരണത്തോടെ ഗോത്ര കോളനികളിൽ നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് ഊരുത്സവം. വിവിധ ഗ്രാമപഞ്ചായത്തുകൾ, പട്ടികവർഗ വികസനം, എക്സൈസ്, പോലീസ്, സാമൂഹ്യക്ഷേമം, സാക്ഷരതാ മിഷൻ, ആരോഗ്യം, വിദ്യാഭ്യാസം, പബ്ളിക് റിലേഷൻസ്, കൃഷി തുടങ്ങി വിവിധ വകുപ്പുകളുമായും കൂടാതെ തൊഴിലുറപ്പ് പദ്ധതിയുമായും സംയോജിപ്പിച്ചാണ് പ്രവർത്തനം.

കുടുംബശ്രീ ബാലസഭാ സ്റ്റേറ്റ് കൺസൾട്ടന്റ് എ.ജെ.രഞ്ജിത്, തൊഴിലുറപ്പ് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ സി.വി.ജോയി, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ വേണുഗോപാൽ, എ.ഡി.സി.ബാലഗോപാൽ, എന്നിവർ സംസാരിച്ചു. ഐ.ടി.ഡി.പി അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ കെ.സി.ചെറിയാൻ, അസിസ്റ്റന്റ് സപ്ളൈ ഓഫീസർ എ.വി.ചന്ദ്രൻ, സി.കെ.പവിത്രൻ, കൽപ്പറ്റ സി.ഐ. അബ്ദുൾ ഷെരീഫ് കെ.കെ, ഇ. നാരായണൻ, സി.വി.ജോയി, യു.വേണുഗോപാൽ തുടങ്ങിയവർ ക്ളാസുകൾ നയിച്ചു. കുടുംബശ്രീ പരിശീലന ഗ്രൂപ്പ് ട്രൈസാത് പ്രതിനിധികളായ കെ.ജി.മുകുന്ദൻ, ബിന്ദു ദിവാകരൻ എന്നിവർ പരിശീലന പരിപാടിക്കു നേതൃത്വം നൽകി.

## നഗര ബാലസഭകൾ രൂപീകരിച്ചു

മലപ്പുറം-മഞ്ചേരി നഗരസഭാ സി.ഡി.എസുകളിൽ നടന്ന ബാല നഗരസഭാ രൂപീകരണം നഗരസഭാ ചെയർമാൻ വല്ലാഞ്ചിറ മുഹമ്മദലി ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴസ്ൺ കെ.കെ.ഷാഹിന അദ്ധ്യക്ഷത വഹിച്ചു. മഞ്ചേരിയിലും മലപ്പുറത്തും രണ്ടു വീതം നഗരബാലസഭകളാണ് രൂപീകരിച്ചത്. നഗരബാലസഭാ രൂപീകരണത്തിന്റെ ഭാഗമായി ബാലസഭാ പ്രവർത്തകർക്ക് 'കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു. മഞ്ചേരി സി.ഡി.എസ് രണ്ടിൽ ബാലനഗരസഭാ ഭാരവാഹികളായി ഷിബിലാ ഷെറിൻ(പ്രസിഡന്റ്), നജീബ്(വൈസ് പ്രസിഡന്റ്), പാർവതി(സെക്രട്ടറി), വിപിൻ ശങ്കർ, ഹന, ധനശ്രീ, ജിജി, അഭിനവ്(സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു. അഡ്വ.റീന ക്ളാസുകൾ നയിച്ചു.

## സ്ത്രീകളുടെ സുരക്ഷിതയാത്രക്ക് ഇനിമുതൽ കുടുംബശ്രീ ട്രാവൽസ്

- വനിതാ ഡ്രൈവർമാർക്ക് പ്രത്യേക യൂണിഫോമും തിരിച്ചറിയൽ കാർഡും
- കുടുംബശ്രീ ട്രാവൽസിന്റെ സേവനം രാവിലെ ആറു മുതൽ വൈകിട്ട് എട്ടു വരെ
- വിളിക്കേണ്ട നമ്പർ 0471 277 2200



*കുടുംബശ്രീ ട്രാവൽസിലെ വനിതാ ഡ്രൈവർമാരായ സുജിന, സുമ, ബിന്ദു, രഞ്ജിനി, സീമ, ശശികല, വത്സല എന്നിവർ*

തിരുവനന്തപുരം നഗരത്തിൽ സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കാൻ ഇനിമുതൽ വനിതകൾ ഓടിക്കുന്ന കാറുമായി കുടുംബശ്രീയും. സ്ത്രീകളുടെ സുരക്ഷ മുന്നിൽ കണ്ട് ടാറ്റാ കമ്പനിയുടെ സഹകരണത്തോടെ കുടുംബശ്രീ ലേഡീസ് ഒൺലി നാനോ കാറുകൾ നഗരത്തിൽ നിരത്തിലിറങ്ങി.

കുടുംബശ്രീ പ്രവർത്തകരായ രഞ്ജിനി, സുമ, വത്സല, സുജന, സീമ, ബിന്ദു, ശശികല തങ്കച്ചി എന്നീ വനിതകളുടെ ചെറുകിട സംരംഭം എന്ന നിലയിലാണ് തിരുവനന്തപുരം ജില്ലയിൽ പദ്ധതിക്കു തുടക്കമിട്ടത്. ആദ്യഘട്ടത്തിൽ ഏഴു കാറുകളാണ് പുറത്തിറങ്ങിയത്.

സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും നഗരത്തിൽ വിവിധ ആവശ്യങ്ങൾക്കായി സ്ത്രീകളോടൊപ്പം എത്തുന്ന കുടുംബങ്ങൾക്കും കുടുംബശ്രീയുടെ നാനോ ടാക്സി സംവിധാനം തികച്ചും സഹായകരവും സൗകര്യപ്രദവുമായിരിക്കും. കുടുംബശ്രീ പ്രത്യേകമായി നൽകുന്ന നമ്പറിൽ എസ്.എം.എസ്, ഇ-മെയിൽ എന്നിവ വഴി മുൻകൂട്ടി ഈ വാഹനത്തിനായി ബുക്ക് ചെയ്യാം. കുടുംബശ്രീയുടെ കോൾ ടാക്സി സർവീസിനായി നേരത്തേ ബുക്ക് ചെയ്തിട്ടുള്ളവർ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, എയർപോർട്ട് എന്നിവിടങ്ങളിൽ എത്തുന്നതിന് അരമണിക്കൂർ മുമ്പ് എസ്.എം.എസ് അയച്ചാൽ അയക്കുന്ന വാഹനത്തിന്റെ നമ്പർ, ഡ്രൈവറുടെ പേര് എന്നിവ സഹിതം മൈബൈലിലേക്ക് സന്ദേശം ലഭിക്കും.

ഒറൈസസ് ഇൻഡ്യ കൺസൾട്ടൻസി സർവീസസ് ടെക്നോപാർക്കിനാണ് കോൾസെന്ററിന്റെ ചുമതല. നഗരപരിധിയിൽ യാത്രക്കാർ വിളിക്കുന്ന സ്ഥലത്തേക്ക് അപ്പോൾ ലഭ്യമായ വനിതാ ഡ്രൈവർമാരെ അയയ്ക്കും.

കാറിനുള്ളിൽ സുരക്ഷയ്ക്കായി ജി.പി.എസ് സംവിധാനവും ക്യാമറയും ഉണ്ടാകും. പ്രത്യേക നിറത്തിൽ മൂന്നുപേർക്ക് ഇരിക്കാവുന്ന കാറിൽ വനിതാ ഡ്രൈവർമാർക്ക് സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ഡ്രൈവർ ഇരിക്കുന്ന സീറ്റ് ഗ്രിൽ ഉപയോഗിച്ച് വേർതിരിച്ചിട്ടുണ്ട്. ടാക്സി നിരക്കിലാണ് പണം നൽകേണ്ടത്. ആദ്യത്തെ അഞ്ചു കിലോമീറ്ററിന് 100 രൂപയും പിന്നീടുള്ള ഓരോ കിലോമീറ്ററിനും ഒൻപത് രൂപ നിരക്കിലുമാണ് നൽകേണ്ടത്. ഇതിനായി കമ്പ്യൂട്ടറൈസ്ഡ് ബില്ലാവും നൽകുക.

യാത്രക്കാരിൽ ഒരാളെങ്കിലും സ്ത്രീയായാൽ കുടുംബാംഗങ്ങൾക്കും ഇതിൽ യാത്ര ചെയ്യാം. മാത്രമല്ല ഫ്രണ്ട്സ് ഓഫ് കുടുംബശ്രീയിൽ അംഗമാകുന്ന പുരുഷന്മാർക്ക് പ്രത്യേക തിരിച്ചറിയൽ കാർഡ് നൽകി യാത്രാസൗകര്യമൊരുക്കാനും പദ്ധതിയിട്ടിട്ടുണ്ട്. രാത്രികാലങ്ങളിൽ പുരുഷന്മാർ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക് ഇതിൽ യാത്ര ചെയ്യുന്നതിന് പ്രത്യേക നിബന്ധന ഉണ്ടായിരിക്കും.

മോട്ടോർ വെഹിക്കിൾ വകുപ്പ്, പോലീസ്, ടൂറിസം വകുപ്പുകളുമായി യോജിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലാണ് കുടുംബശ്രീയുടെ നാനോ ടാക്സികൾ ഓടിക്കുന്നത്. പിന്നീട് മറ്റ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കും.

## കുടുംബശ്രീ ബാലസഭ – ബാലപാർലമെന്റ് രൂപീകരിച്ചു



തൃശൂർ ജില്ലയിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ ബാലസഭ-ബാലപാർലമെന്റ് രൂപീകരണം കെ.രാധാകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു സുരേഷ് അദ്ധ്യക്ഷത വഹിച്ചു.

ബാലസഭാംഗങ്ങളും അയൽക്കൂട്ട അംഗങ്ങളും ഉൾപ്പെടെ മുന്നൂറിലേറെ പേർ പങ്കെടുത്തു. ബാലസഭ-ബാലപാർലമെന്റ് എന്നിവയെ കുറിച്ച് ജില്ലാ മിഷൻ കൺസൾട്ടന്റ് ജിജോ കുരുവിള വിശദീകരിച്ചു. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യക്ഷേമവകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. ബാലപാർലമെന്റ് രൂപീകരണത്തിനു ശേഷം വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ കുട്ടികൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകി. തുടർന്ന് മജീഷ്യൻ എസ്.കെ. വടക്കേകാടിന്റെ ജാലവിദ്യ പ്രകടനവും ഉണ്ടായിരുന്നു.

## ഏകദിന ശിൽപശാല

വയനാട് ജില്ലയിൽ കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ 'സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും' മൂന്നാം പഠന സഹായി രൂപീകരണത്തിനായുള്ള ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ജില്ലാതല ശിൽപശാല ജില്ലാ പഞ്ചായത്ത് ആക്ടിംഗ് പ്രസിഡന്റ് എ. ദേവകി ഉദ്ഘാടനം ചെയ്തു. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.എസ് വിജയ അദ്ധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് അംഗം സുശീല, അസി. കോ-ഓർഡിനേറ്റർമാരായ കെ.കെ മുംതാസ് കാസിം, യു.എസ് സലീന എന്നിവർ സംസാരിച്ചു. അഡ്വ. ബബിത ക്ലാസ്സെടുത്തു. കൺസൾട്ടന്റുമാരായ സി.ആർ. സുരേഷ്, ആശാപോൾ എന്നിവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ് സ്വാഗതവും ജെൻഡർ കൺസൾട്ടന്റ് ശ്രുതി നന്ദിയും പറഞ്ഞു.

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kochi. Managing Editor: S.Padmanabha Pillai. Editor: Sanjay Kumar. Editorial Assistant: Asha.S. Panicker. email: spempro2012@gmail.com
For private circulation